പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3065 — 15.12.15 ൽ - മറുപടിക്ക്

## എ.പി.എൽ./ബി.പി.എൽ മാനദണ്ഡങ്ങൾ പുതിയ റേഷൻകാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻ കാർഡുടമകളിൽ എ.പി.എൽ/ബി.പി.എൽ വിഭാഗങ്ങളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ) | 14.01.11-ലെ സ.ഉ (കൈ) നം.16/11/ത.സ്വ.ഭ.വ., 27.04.12-ലെ സ.ഉ. (കൈ) നം.112/12/ത.സ്വ.ഭ.വ, 07.07.14-ലെ സ.ഉ (കൈ) നം.21/14/ഭ.സി.സ.വ. എന്നീ ഉത്തരവുകൾക്ക് അനുസൃതമായാണ് ദേശീയഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | ബി.പി.എൽ. വിഭാഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് റേഷൻ കടകൾ വഴി ലഭ്യമാക്കുന്നത് ; | (ബി) | നിലവിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസം 25 കിലോ അരി 1/- രൂപ നിരക്കിലും 7 കിലോ ഗോതമ്പ് 2/- രൂപ നിരക്കിലും, കാർഡിലെ ഒരംഗത്തിന് 400 ഗ്രാം പഞ്ചസാരയും, വൈദ്യുതീകരിച്ച വീടുകൾ ഉള്ള കാർഡുടമകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും അല്ലാത്തവർക്ക് 4 ലിറ്റർ മണ്ണെണ്ണയും ലഭിയ്ക്കുന്നുണ്ട്. |
| (സി) | നിലവിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതെന്ന് വിശദമാക്കാമോ? | (സി) | 27.04.2012 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം;<br>1) ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ടവർ<br>2) മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ<br>3) ഓട്ടിസം ബാധിച്ചവർ<br>4) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ<br>5) എയ്ഡ്സ്, ക്യാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും<br>6) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവരും<br><br>എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്ന പക്ഷം അന്വേഷണത്തിനു ശേഷം അർഹതയുടെ അടിസ്ഥാനത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകി വരുകയാണ് നിലവിൽ ചെയ്യുന്നത്. |

Thulasi

സെക്ഷൻ ഓഫീസർ